നമ്പർ. എ2/83302/2019/റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 17.06.2019

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — പൊതുസ്ഥലംമാറ്റം 2019- Spark മുഖേനയുള്ള അപേക്ഷ സമർപ്പണം — അനുവദിച്ച തസ്തിക സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന :- 1. സർക്കാർ കത്ത് നം.സി3/511/2018-ട്രാൻസ് തീയതി 24.12.2018
2 03.06.2019-ലെ ഈ ഓഫീസിൽ നിന്നുള്ള നിർദ്ദേശം

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മോട്ടോർ വാഹന വകുപ്പിലെ പൊതുസ്ഥലം മാറ്റം സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് നടത്തുന്നതിന്റെ ഭാഗമായി ഓരോ കേഡറിന്റെയും Sanctioned strength (അനുവദിച്ച തസ്തിക) Actual strength (നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം) എന്നിവ സ്പാർക്കിൽ രേഖപ്പെടുത്തുവാൻ സൂചന 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഓഫീസുകളിൽ രേഖപ്പെടുത്തിയ Sanctioned strength- ന്റെ വിവരങ്ങൾ ലഭ്യമായതിൽ തെറ്റുകൾ വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് ഡി.റ്റി.സി ഓഫീസിൽ ഡി.റ്റി.സി-യുടെ തസ്തിക 0 എന്നാണ് കാണിച്ചിരിക്കുന്നത്. അതുപോലെ തൃശ്ശൂർ ആർ.ടി.ഓഫീസിൽ സീനിയർ ക്ലാർക്കിന്റെ തസ്തിക 0 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി ഓഫീസുകളിൽ യഥാക്രമം ഡിറ്റിസി, സീനിയർ ക്ലാർക്ക് തസ്തികകൾ ഇല്ല എന്ന രീതിയിലാണ് സോഫ്റ്റ്‌വെയർ കണക്കാക്കിയിരിക്കുന്നത്. നിലവിൽ ഓരോ ഓഫീസുകളിലും സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുള്ള തസ്തികകളുടെ എണ്ണം ഇതോടൊപ്പം അയയ്ക്കുന്നു. ആയത് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ
17-6-19
സീനിയർ സൂപ്രണ്ട്